# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3454

25/06/2012-ൽ
മറുപടിയ്ക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ

**ചോദ്യം**

ശ്രീ.സി.ദിവാകരൻ

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വർദ്ധിച്ച തോതിൽ തൊഴിലാളികൾ കേരളത്തിൽ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നടത്തുന്ന മോഷണം, കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നടത്തുന്ന മോഷണം, കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയാനായി അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ നിരീക്ഷണം നടത്താൻ SHO-മാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി എത്തിച്ചേരുന്നവരേയും നിരീക്ഷിച്ചു വരുന്നു. തൊഴിലുടമകളോട് അവരവരുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ, ഐഡന്റിറ്റി കാർഡും, ഫോട്ടോയും സഹിതം അതത് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യാൻ SHO-മാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. കുറ്റകൃത്യങ്ങളിൽ പ്രതികളാകുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതോടൊപ്പം വിരലടയാളവും എടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ